**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2619** **24-06-2024 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷന്റെ വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന വിവിധ തരത്തിലുള്ള ഗാർഹിക,വ്യാവസായിക ഉപഭോക്താക്കളുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത സെക്ഷന്റെ വിസ്തൃതി എത്രയാണ്; സെക്ഷന്റെ പരിധിയിൽ നിന്നും സേവനം നൽകി വരുന്ന പഞ്ചായത്തുകളുടെയും വാർഡുകളുടെയും എണ്ണം എത്രയാണെന്ന് അറിയിക്കാമോ; | (എ) | അമ്പലപ്പുഴ ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ<br><br>ഗാർഹിക ഉപഭോക്താക്കൾ - 22034<br><br>വാണിജ്യ ഉപഭോക്താക്കൾ - 4791<br><br>വ്യവസായിക ഉപഭോക്താക്കൾ - 249<br><br>കാർഷിക ഉപഭോക്താക്കൾ - 197<br><br>പബ്ലിക് ലൈറ്റിംഗ് - 25<br><br>ആകെ 27296 ഉപഭോക്താക്കൾ ആണ് ഉള്ളത്. അമ്പലപ്പുഴ സെക്ഷന്റെ പരിധി ആകെ 40 സ്ക്വയർ കിലോമീറ്റർ ആണ്. അമ്പലപ്പുഴ നോർത്ത് ഗ്രാമപഞ്ചായത്ത് 12 വാർഡുകൾ (6 മുതൽ 17 വരെ), അമ്പലപ്പുഴ സൗത്ത് ഗ്രാമപഞ്ചായത്ത് 15 വാർഡുകൾ (1 മുതൽ 15 വരെ), പുറക്കാട് ഗ്രാമപഞ്ചായത്ത് 15 വാർഡുകൾ (1 മുതൽ 6 വരെയും 10 മുതൽ 18 വരെയും). |
| (ബി) | ഓരോവർഷവും പ്രസ്തുത ഇലക്ട്രിക്കൽ സെക്ഷന്റ പരിധിയിൽ വരുന്ന ഉപഭോക്താക്കളുടെ എണ്ണത്തിൽ വർധനവുണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; തന്മൂലം ജീവനക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും ഉപഭോക്താക്കൾക്ക് മികച്ച സേവനം നൽകുന്നതിനുമായി പ്രസ്തുത ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് തോട്ടപ്പള്ളി കേന്ദ്രമായി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതി നാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്നതിനാൽ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗ പ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകി കൊണ്ടുള്ള നടപടികളാണ് KSEBL നിലവിൽ സ്വീകരിച്ചു വരുന്നത്. |

| | | | |
|---|---|---|---|
| | | | ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനു കൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനു കൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും, വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തിര സാഹചര്യങ്ങളും അറിയി ക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496010101 എന്ന ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടു ത്തിയിട്ടുണ്ട്. സേവനമേഖല കാര്യക്ഷമ മാക്കുന്ന തിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോ ക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്ന തിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ആയതിനാൽ അമ്പലപ്പുഴ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജിച്ച് തോട്ടപ്പള്ളി കേന്ദ്രമായി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുന്നത് നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ